**വിവരാവകാശം/മറുപടി**

നം. D6-14015/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 01.11.2018.
Email - swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. ഫിലിപ്പ് ജോസഫ്,
പുല്ലാട്ട്,
നരിയനാനി പി.ഒ.,
കോട്ടയം – 686 506.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശം മറുപടി നൽകുന്നത് – സംബന്ധിച്ച്.

സൂചന :- 20.10.2018-ലെ താങ്കളുടെ അപേക്ഷ.

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. വിവരാവകാശ നിയമ പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ക്രമ നം. അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

1. PWD Act 1995 പ്രകാരം സർക്കാർ സംരംഭങ്ങളിൽ ഭിന്നശേഷിക്കാർക്ക് 3% തൊഴിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം 1996 മുതലുള്ള ബാക്ക് ലോഗ് കണ്ടെത്തുന്നതിനായി സർക്കാർ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി എല്ലാ സർക്കാർ വകുപ്പുകൾ/പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.
2. വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നത് സാമൂഹ്യനീതി വകുപ്പ് മുഖേനയല്ല. അതാത് വകുപ്പുകൾ നേരിട്ട് തന്നെയാണ് KPSCയിലേയ്ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യുന്നത്.

2. (a) അതത് വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ റൊട്ടേഷൻ ക്രമം അനുസരിച്ച് നിയമനം നൽകുന്നത് KPSCയാണ്. ഈ ചോദ്യത്തിന് മറുപടിയ്ക്കായി KPSCയെ സമീപിക്കാവുന്നതാണ്.

AN

3. ഭിന്നശേഷിക്കാർക്ക് 1996 മുതൽ 3% സംവരണം നൽകണമെന്ന് ഒരു കോടതി വിധി ഇതുവരെ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. Civil Appeal No. 9096/2013 നം. കേസിൽ 3% സംവരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബഹു. സുപ്രീം കോടതി നിർദ്ദേശമുണ്ടായിട്ടുള്ളതാണ്.

മേൽ വിവരങ്ങൾ തൃപ്തികരമല്ലാത്ത പക്ഷം 30 ദിവസത്തിനുള്ളിൽ അപ്പലേറ്റ് അതോറിറ്റിയുമായി ബന്ധപ്പെടാവുന്നതാണ്.

**അഡീഷണൽ ഡയറക്ടർ,**
**സാമൂഹ്യനീതി വകുപ്പ്,**
**വികാസ് ഭവൻ, 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**

AN